## പതിനാലാം കേരള നിയമസഭ
## പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1477** **06.03.2020 ൽ** മറുപടിക്ക്

## വെഞ്ഞാറമൂട്ടിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസിന് സ്ഥലം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ഡി.കെ. മുരളി** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള 18.0186 സെന്റ് ഭൂമി കൈമാറുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം (എൻ.ഒ.സി.) നൽകുന്നതിനുള്ള ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ & ബി) വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട്ടിൽ പി.ഡബ്ല്യൂ.ഡി. റസ്റ്റ്ഹൗസ് സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അധീനതയിലുള്ള 18.0186 സെന്റ് ഭൂമി കൈമാറുന്നതിന് ഗ്രാമ വികസന കമ്മീഷണർ സമർപ്പിച്ച അപേക്ഷ ബി.ടി.ആറിൽ ടി ഭൂമി സർക്കാർ ഭൂമിയായതിനാൽ തുടർനടപടിക്കായി ഫയൽ നമ്പർ ആർ.സി1/24/2019/ത.സ്വ.ഭ.വ പ്രകാരം റവന്യൂ വകുപ്പിന് നൽകിയിരുന്നു.<br><br>റവന്യൂ വകുപ്പ് തുടർനടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ടി ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്വയാർജ്ജിത ഭൂമി അല്ലാത്തതിനാൽ സർക്കാർ വിജ്ഞാപനം വഴി റവന്യൂ വകുപ്പിലേക്ക് പുനർനിക്ഷിപ്തമാക്കിയാലേ ഭൂമി കൈമാറ്റം സാധ്യമാകൂ എന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നല്കുന്നതിനുള്ള നടപടി ആർ.സി1/23/2020/ ത.സ്വ.ഭ.വ എന്ന ഫയലിൽ സ്വീകരിച്ചു വരുന്നു. |
| (ബി) | നിരാക്ഷേപ സാക്ഷ്യപത്രം എന്നത്തേയ്ക്ക് നൽകാൻ കഴിയും എന്നറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ**